# ശ്രീ സായി സമർത്ഥ
# സച്ചരിതം

**ഷിർദിസായിബാബയുടെ  ജീവിതവും  ബോധനങ്ങളും**


മറാത്തി മൂലഗ്രന്ഥരചന

**ഗോവിന്ദ് രഘുനാഥ് ദാബോൽക്കർ – ഹേമദ്പാന്ത്**

ഇംഗ്ലീഷ് വിവർത്തനം

**സെറിൻ**

മലയാളം പരിഭാഷ

**ഡോ. അനിത**

## ഭേദപ്പെടുത്തിയ രണ്ടാം പതിപ്പിന് ഒരു അവതാരിക

"ശ്രീ സായി സമർത്ഥ സച്ചരിതം" ദിനവും പാരായണം ചെയ്യുന്നത് സായിഭക്തർക്ക്, ശ്രീമദ് ഭഗവദ്ഗീത, രാമായണം അല്ലെങ്കിൽ മറ്റേതൊരു പുരാണപാരായണവും പോലെ ഭക്തിനിർഭരമാണ്. ഗോവിന്ദ് രഘുനാഥ് ദാബോൽക്കർ (ഹേമദ്പാന്ത്) മറാത്തിയിൽ രചിച്ച മൂലസച്ചരിതഗ്രന്ഥം, രാജ്യത്തും പുറത്തും സദാ വർദ്ധിച്ചുവരുന്ന സായിഭക്തരുടെ ആവശ്യങ്ങളെ മാനിച്ചുകൊണ്ട്, ഒരു തികഞ്ഞ സായിഭക്തയായിരുന്ന മുംബൈയിലെ ശ്രീമതി സെറിൻ, പദാനുപദം ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്തിരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പ് M/s സായി പ്രസ് ഇൻഡ്യാ ലിമിറ്റഡ് -ൽ നിന്നുമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്, പക്ഷേ അവ പരിമിതമായ എണ്ണത്തിലായിരുന്നു. എങ്ങുമുള്ള ഭക്തർക്ക് ഈ ഗ്രന്ഥം ലഭ്യമാകേണ്ടതിന്റെ ആവശ്യകതയെ പരിഗണിച്ചുകൊണ്ട് മൂലപ്രസാദകർ ഈ ഗ്രന്ഥത്തിന്റെ പതിപ്പവകാശം ശ്രീ സായി ബാബാ സംസ്ഥാൻ ഷിർദിയിലേക്ക് കൈമാറുകയും, അത് ആദരപൂർവ്വം സ്വീകരിക്കപ്പെടുകയും ചെയ്തു.

ശ്രീസായിബാബാ സംസ്ഥാൻ ഭരണസമിതി ഭാരവാഹിത്വത്തെ പ്രതിനിധീകരിച്ച് കൊണ്ട്, ശ്രീസായി സമർത്ഥരുടെ ഭക്തർക്ക് മുമ്പാകെ ഈ ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പ് സമർപ്പിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ ഗ്രന്ഥം പാരായണം ചെയ്യുകയും ധാർമ്മികചര്യകൾ സ്വാംശീകരിക്കുകയും ചെയ്യുന്ന ഭക്തർക്ക് വളരെ ക്ഷേമമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

2006 ഡിസംബർ 28 ന് ബാബയുടെ ചരണങ്ങളിൽ ലയിച്ചുചേർന്നതിനാൽ ശ്രീമതി സെറിൻ ഇപ്പോൾ ഈ സന്തോഷം പങ്കിടാനായി നമ്മോടൊപ്പമില്ല.

ശ്രീസായിയ്ക്ക് വന്ദനം. ശാന്തി.

14 ഏപ്രിൽ 2008 — ജയന്ത് മുരളീധർ സസേൻ

ശ്രീരാമനവമി — ശ്രീസായിബാബാ സംസ്ഥാൻ ഭരണസമിതി അദ്ധ്യക്ഷൻ

സായിനാഥൻ എന്നെ അനുഗ്രഹിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത സമയം മുതൽ, പകലും രാത്രിയും ഞാൻ സായിയെക്കുറിച്ച് മാത്രം ചിന്തിക്കാൻ തുടങ്ങി. ലോകവാസത്തെക്കുറിച്ചും ജനനമരണചക്രത്തെക്കുറിച്ചുമുള്ള എന്റെ ഭയം അദ്ദേഹം ഇല്ലാതാക്കി. (അധ്യായം 1, ഒവി 78)

മറ്റ് പ്രാർത്ഥനകളുടെ ഉരുവിടൽ എനിക്കില്ല; മറ്റ് ഉപാസനകളും എനിക്കില്ല. ഞാൻ ഒരേ ഒരു രൂപം മാത്രം കാണുന്നു - സായിയുടെ ദിവ്യരൂപം. (അധ്യായം 1 ഒവി 79)

ഒരുവൻ സായിയുടെ വദനത്തിലേയ്ക്ക് നോക്കുന്ന നിമിഷം, അവൻ വിശപ്പും ദാഹവും മറക്കുന്നു. മറ്റ് സുഖങ്ങൾക്ക് എന്ത് അർത്ഥമാണുള്ളത്? ഒരുവൻ ജീവിതദുഃഖങ്ങൾ മറക്കുന്നു. (അധ്യായം 1 ഒവി 80)

ഒരുവൻ സായിയുടെ മിഴികളിലേയ്ക്ക് നോക്കുമ്പോൾ അവൻ സ്വയം മറക്കുന്നു. ഉള്ളിൽ നിന്ന് സ്നേഹം അലയടിച്ചുയരുകയും ലോകം മുഴുവൻ ഭക്തിരസത്തിൽ മുങ്ങുകയും ചെയ്യുന്നു. (അധ്യായം 1 ഒവി 81)

പ്രവൃത്തി, മതം, ശാസ്ത്രങ്ങൾ, പുരാണങ്ങൾ, യോഗചര്യകൾ, യാഗങ്ങൾ, അനുഷ്ഠാനങ്ങൾ, തീർത്ഥയാത്രകൾ, ഉപാസനകൾ - എനിക്ക് ഇവയെല്ലാം സായിയുടെ ചരണങ്ങളാണ്. (അധ്യായം 1 ഒവി 82)

ഗുരുവിന്റെ ഉപദേശങ്ങൾ നിരന്തരം പാലിക്കുകയും അവയിൽ ഉറച്ചുനിൽക്കുകയും ചെയ്യുമ്പോൾ അചഞ്ചലമായ വിശ്വാസവും പതറാത്ത സ്ഥിരതയും കൈവരുന്നു. (അധ്യായം 1 ഒവി 83)

# ആമുഖം

തന്റെ അവതാരത്തിന് ഒരു നൂറ്റാണ്ടിന് ശേഷവും, എന്റെ 'ഷാഹിബാബ' ചെയ്യുന്നത് പോലെ, മനുഷ്യമനസ്സുകളിൽ, അവരുടെ ജാതിമതങ്ങൾ എന്ത് തന്നെയായാലും, ഇത്രമാത്രം ആഴത്തിൽ സ്വാധീനം ചെലുത്താൻ ഒരു വ്യക്തിക്ക് കഴിയുക എന്നത് അപൂർവ്വമാണ്.

'ഷിർദിസായിബാബയുടെ ജീവിതവും അനുശാസനങ്ങളും' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് അന്റോണിയോ റിഗോ പൗലസ്, അദ്ദേഹത്തിന്റെ ഗ്രന്ഥത്തിന്റെ മുഖവുരയിൽ പറയുന്നുണ്ട്, "കോടിക്കണക്കിന് ജനങ്ങൾ അദ്ദേഹത്തെ ദൈവമായും, ഒരു അവതാരമായും, ഹിന്ദു മുസ്ലീം മതങ്ങളിൽ സഹിഷ്ണുതയുടെയും പരസ്പരമൈത്രിയുടെയും ആചാര്യനായും കരുതി ആദരിക്കുകയും ആരാധിക്കുകയും ചെയ്യുന്നു." ഒരു അവതാരത്തിന്റെ പൂർണ്ണമായ ഉദ്ദേശ്യം തന്നെ നിങ്ങൾ ഈശ്വരന്റെ ഒരു ഭാഗമാണെന്ന് നിങ്ങളെ ബോധ്യപ്പെടുത്തുകയാണ്.

റിഗോ പൗലസ് ഇങ്ങനെ പറയുന്നു, "എക്കാലത്തും വർദ്ധിച്ചുവരുന്ന അദ്ദേഹത്തിന്റെ പ്രശസ്തിയുടെ പ്രഥമ കാരണം, അദ്ഭുതങ്ങൾ പ്രവർത്തിക്കാനും എല്ലാ അർത്ഥത്തിലും ഒരു ശാന്തിദായകനായി വർത്തിക്കാനുമുള്ള അദ്ദേഹത്തിന്റെ ശക്തികളാണ്.

"മാത്രമല്ല, ഷിർദിയിലെ ദിവ്യന്റെ മൗലികമായ പ്രകൃതം, അദ്ദേഹത്തിന്റെ വ്യക്തിത്വം, മൊത്തത്തിൽ സമസ്യാപരവും അവ്യക്തവുമാണ്. അദ്ദേഹത്തിന്റെ ജന്മസ്ഥലവും മതസംബന്ധവും എല്ലാവർക്കും ദുർഗ്രഹമാണ്. ജനങ്ങൾ അദ്ദേഹം ഹിന്ദുവാണോ മുസ്ലീമാണോ എന്നതിനെച്ചൊല്ലി ഇന്നും സംവാദം നടത്തുന്നു.

"വളരെ തീർച്ചയായ ഒരു വസ്തുത എന്താണെന്നാൽ, ഗ്രാമീണർ മുസ്ലീമാണെന്ന് ധരിച്ച ഒരു യുവസന്ന്യാസി കഴിഞ്ഞ നൂറ്റാണ്ടിലെ (അതായത് 19-ാം നൂറ്റാണ്ടിൽ) ഒരു ദിവസം ഷിർദി ഗ്രാമത്തിലെത്തി; അദ്ദേഹത്തിന് സായിബാബ എന്ന പേര് നൽകപ്പെട്ടു; അദ്ദേഹം ആ ഗ്രാമത്തിലെ (മഹാരാഷ്ട്ര സംസ്ഥാനത്തിലെ അഹമ്മദ്നഗർ ജില്ല) ജീർണ്ണിച്ച ഒരു മസ്ജിദിൽ തന്റെ അവസാന ദിനം വരെയും ജീവിച്ചു.

"അദ്ദേഹത്തിന്റെ വൈകാരികഭാവങ്ങൾ മുൻകൂട്ടി പറയാൻ കഴിയാത്ത തരത്തിലുള്ളതായിരുന്നു - സ്നേഹമുള്ളതായിരിക്കാം, പരുഷമോ, ഫലിതപ്രിയമോ, ശകാരിക്കുന്നതോ ആകാം! പക്ഷേ, അദ്ദേഹം ദൃഷ്ടാന്തകഥകൾ പറയുകയോ, വളരെ ദീർഘമായ മൗനം ദീക്ഷിക്കുകയോ ചെയ്തിരുന്നാലും, ജനങ്ങളിൽ തികഞ്ഞ സ്വാധീനം ചെലുത്താനുള്ള ആത്മീയപരമായ വ്യക്തിപ്രഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. സായിബാബയുടെ ആകെയുള്ള വ്യക്തിത്വം, അദ്ദേഹത്തിന്റെ ചലനങ്ങൾ, വാക്കുകൾ, നോട്ടങ്ങൾ എന്നിവയൊക്കെയും പ്രകടവും സത്വരവുമായ ദൈവികാനുഭൂതി പകരുന്നവയായിരുന്നു.

"ദിവ്യപ്രവാചകൻ വാക്കുകളാൽ ഒരു ദീപം കൊളുത്തി; അതിലൂടെ ആത്മക്ഷേത്രത്തിലെ അന്ധകാരം അകന്നുപോയി. അപ്പോൾ രത്നങ്ങളുടെ അമൂല്യഖനി തുറക്കപ്പെട്ടു."

ഷിർദിയിലെ ജനങ്ങൾ സായിയെ അവരുടെ ദൈവമായി കരുതി ആരാധിച്ചു. ശുദ്ധമായ അസ്തിത്വം, ജ്ഞാനം, ആനന്ദം എന്നിവയുടെ മൂർത്തരൂപമായി അദ്ദേഹം ഷിർദിയിൽ വസിച്ചു. – സദ്ഗുരു, രാജാധിരാജൻ! യോഗിവര്യൻ! പരബ്രഹ്മം! കഴിക്കുമ്പോഴും, കുടിക്കുമ്പോഴും, പറമ്പിലും പാടത്തും പണിചെയ്യുമ്പോഴും, വിവിധ തരത്തിലുള്ള ഗാർഹിക പ്രവൃത്തികളിലേർപ്പെടുമ്പോഴും അവർ സദാ സായിയെ സ്മരിക്കുകയും അദ്ദേഹത്തിന്റെ മഹിമകൾ പാടിപ്പുകഴ്ത്തുകയും ചെയ്തു. പക്ഷേ, ആദ്യകാലങ്ങളിൽ, ബാബ അദ്ദേഹത്തെ ആരാധിക്കാൻ അതായത് പൂജകൾ ചെയ്യാൻ ആരെയും അനുവദിച്ചിരുന്നില്ല. ആരെങ്കിലും പൂജാപാത്രമോ, തട്ടമോ ഏന്തി അദ്ദേഹത്തെ സമീപിച്ചാൽ അദ്ദേഹം കോപിഷ്ഠനാകും, തട്ടം വലിച്ചെറിയുകയും ചെയ്തിരുന്നു. പക്ഷേ, ജനങ്ങളുടെ ശുദ്ധമായ ഭക്തി കാണവേ, അദ്ദേഹത്തിന് കരുണ തോന്നി. 1894 മുതൽ പോലും, ബാബയെ വ്യക്തിപരമായി ജനങ്ങൾ പൂജിച്ചിരുന്നു! സംഗമ്നറിലെ കാസിയുടെ നേതൃത്വത്തിൽ ചില മുസ്ലീങ്ങൾ ഇതിനെ എതിർത്തു. ബാബയുടെ ആരാധനയിൽ മുൻപന്തിയിൽ ഉണ്ടായിരുന്നത് മാലസപതിയായിരുന്നു, കൂടാതെ നാനാസാഹേബ് ചന്ദോർക്കറും. മേഘയും ആചാരപരമായി അദ്ദേഹത്തിന്റെ പൂജകൾ ചെയ്തിരുന്നു. പക്ഷേ താത്ത്യാസാഹേബ് നൂൽക്കാറുടെ സുഹൃത്ത് ഡോ. പണ്ഡിറ്റ് ആണ് ആദ്യമായി ബാബയുടെ നെറ്റിത്തടത്തിൽ ചന്ദനലേപനം പുരട്ടിയത്, അയാൾ തന്റെ സ്വന്തം ഗുരുവിന് ചാർത്തുന്നത് പോലെ ത്രിപുണ്ഡ്രം അതായത് മൂന്നുവരകൾ ചാർത്തുകയായിരുന്നു. അതുവരെയും മാലസപതി മാത്രമാണ് ബാബയുടെ ദേഹത്ത് ചന്ദനം പുരട്ടാറുണ്ടായിരുന്നത്, അതും അദ്ദേഹത്തിന്റെ കണ്ഠത്തിൽ മാത്രം.

“മറ്റ് ദേവതകളുടെ പൂജയ്ക്ക്, സാമഗ്രികൾ ആവശ്യമാണ്, ആചാരങ്ങൾ നിശ്ചിതവുമാണ്.പക്ഷേ അങ്ങയുടെ പൂജയ്ക്ക് അനുയോജ്യമായ ഒന്നും തന്നെ ലോകത്തില്ല,” എന്ന് ദാസ്ഗനു പറയുന്നു. ഷിർദിയിൽ പ്രത്യക്ഷനായ സദ്ഗുരു ശ്രീ സായിനാഥ് മഹാരാജിനെ ഭക്തർ അവർക്കിഷ്ടമുള്ള തരത്തിൽ ആരാധിച്ചു. ബാബ തന്റെ ഇരിപ്പിടമായി ഒരു ചാക്കുകഷണമാണ് ഉപയോഗിച്ചിരുന്നത്, ഭക്തർ സ്നേഹപൂർവ്വം അതിന് മുകളിൽ മനോഹരമായ ഒരു ചെറിയ മെത്തയും, അദ്ദേഹത്തിന്റെ പുറകിൽ, ചാരി ഇരിക്കാനായി ഒരു ഉപധാനവും വച്ചു. ബാബ അദ്ദേഹത്തിന്റെ ഭക്തരുടെ വികാരങ്ങളെ മാനിക്കുകയും, അവർക്കിഷ്ടമുള്ള തരത്തിൽ അദ്ദേഹത്തെ ആരാധിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നൽകുകയും ചെയ്തു. ചിലർ അദ്ദേഹത്തിന്റെ മുന്നിൽ ചാമരങ്ങളും വിശറികളും വീശി, ചിലർ വാദ്യോപകരണങ്ങൾ മുഴക്കി, ചിലർ അദ്ദേഹത്തിന്റെ കരചരണങ്ങൾ തടവി, മറ്റു ചിലർ സുഗന്ധമിശ്രിതങ്ങളും ചന്ദനത്തിരികളും അർപ്പിച്ചു, ചിലർ വെറ്റിലയും അടയ്ക്കയും നൽകി, ചിലർ അദ്ദേഹത്തിന്റെ പാദപൂജയ്ക്ക് അർഘ്യം അർപ്പിച്ചു, ചിലർ നൈവേദ്യങ്ങൾ നൽകി.

1909-ൽ സംഘം ചേർന്നുള്ള പൂജകൾ, ഉച്ചആരതിയോടുകൂടി തുടങ്ങി, രാത്രി നേരത്തുള്ള ആരതി അതിനെത്തുടർന്ന് ഉണ്ടായി, ഒപ്പം 1909 ഡിസംബർ 10-ാം തീയതി മുതൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ചാവടിഘോഷയാത്രയും ആരംഭിക്കപ്പെട്ടു. ബാബ ചാവടിയിൽ നിന്ന് ദ്വാരകാമായിയിലേയ്ക്ക് പോകുംമുമ്പ്, ചാവടിയിൽ വച്ച് പ്രഭാതആരതിയും നടത്തപ്പെട്ടിരുന്നു. പിന്നീട് കുറച്ചുകാലത്തിനു ശേഷമാണ് വൈകുന്നേരത്തെ ആരതി ആരംഭിക്കപ്പെട്ടത്.

1910 മുതൽ 1916 വരെയുള്ള കാലഘട്ടത്തിൽ, ഗോവിന്ദറാവു രഘുനാഥ് ദാബോൽക്കർ ഇടയ്ക്കിടയ്ക്ക് ഷിർദിയിൽ താമസിച്ചിരുന്ന സമയത്ത്, ഒരിക്കൽ കോളറ രോഗം ശമിപ്പിക്കുന്നതിനുവേണ്ടി ബാബ ഗോതമ്പ് പൊടിച്ച്, ആ മാവ് ഗ്രാമാതിർത്തിയിൽ വിതറുന്നതിന് സാക്ഷ്യം വഹിക്കാനിടയായതിനാൽ ബാബയുടെ ഐതിഹാസിക മായ ജീവിതം ഗ്രന്ഥത്തിലേയ്ക്ക് പകർത്തണമെന്ന് തീരുമാനിക്കുകയായിരുന്നു. ഈ സംഭവമാണ് 'ശ്രീ സായി സമർത്ഥ സച്ചരിതം' രചിക്കാൻ പ്രചോദനമായത്, എന്തുകൊണ്ടെന്നാൽ, ഏകദേശം എല്ലാ ദിവസവും ബാബ പൊടിച്ചിരുന്നത് ഗോതമ്പ് ആയിരുന്നില്ല, മറിച്ച് അദ്ദേഹത്തിന്റെ ഭക്തരുടെ പാപങ്ങളും, മാനസി കവും ശാരീരികവുമായ ക്ലേശങ്ങളും, ദുരിതങ്ങളുമാണെന്നായിരുന്നു ദാബോൽക്ക റുടെ ചിന്തനം. അയാൾ, ബാബയുടെ ജീവിതത്തെക്കുറിച്ച് എഴുതാനുള്ള അനു വാദത്തിനായി അദ്ദേഹത്തോട് പ്രാർത്ഥിക്കുകയും, അത് നൽകപ്പെടുകയും ചെയ്തു. കുറിപ്പുകൾ ഉണ്ടാക്കാനും രേഖകൾ സൂക്ഷിക്കാനും അയാൾക്ക് നിർദ്ദേശം ലഭിക്കുകയും അയാൾ അതേപടി അനുസരിക്കുകയും ചെയ്തു. യഥാർത്ഥത്തി ലുള്ള ഗ്രന്ഥരചന തുടങ്ങിയത് ബാബയുടെ മഹാസമാധിക്ക് ശേഷമാണ്.

ദാബോൽക്കറുടെ കാവ്യശിൽപം അമ്പത്തിമൂന്ന് അധ്യായങ്ങൾ അടങ്ങിയതാണ്, 'ഏകനാഥി ഭാഗവത'ത്തിന്റെ ശൈലിയിൽ രചിക്കപ്പെട്ട്, ഒമ്പതിനായിരത്തിൽ കൂടു തൽ ഒവികൾ അഥവാ പദ്യശകലങ്ങൾ ഉൾപ്പെട്ടതുമാണ്. ഓരോ അധ്യായവും തത്ത്വചിന്തകൾ, കഥകൾ, ഉപദേശങ്ങൾ എന്നിവ അടങ്ങിയതാണ്. സായിഭക്തർക്ക് അദ്ദേഹത്തിന്റെ ഈ ഗ്രന്ഥം വേദതുല്യമാണ്.

ഏകദേശം രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ്, ആദരണീയനായ എന്റെ ഗുരുവര്യൻ ശിവ നേശൻ സ്വാമിജിയുമായി ഷിർദിയിൽ വച്ചുണ്ടായ ഒരു സാധാരണ സംഭാഷണ ത്തിനിടയിൽ, ശ്രീ സായി സമർത്ഥ സച്ചരിതം മറാത്തി ഗ്രന്ഥം പാരായണം ചെയ്യു ന്നതിലേയ്ക്ക് എനിക്ക് നിർദ്ദേശം ലഭിച്ചു. – യഥാർത്ഥത്തിൽ അത് എനിക്ക് പാരാ യണം ചെയ്ത് കേൾപ്പിക്കുകയാണ് ഉണ്ടായത്, കാരണം എനിക്ക് മറാത്തി ഭാഷ അറിവുണ്ടായിരുന്നില്ല.

അന്നുമുതൽ അതൊരു ദീർഘമായ യാത്രയായിരുന്നു. എന്റെ അധ്യാപിക ശ്രീമതി മോഹിനി വർദേ പഠിപ്പിക്കുന്നതൊക്കെയും ഗ്രഹിക്കാൻ ക്ലേശിക്കുന്നതിനിടയിൽ, ഞാൻ അതൊക്കെ ഇംഗ്ലീഷിൽ എഴുതാൻ തുടങ്ങി. അമ്പത്തിമൂന്ന് അധ്യായങ്ങ ളിൽ, പകുതിയിൽ കൂടുതൽ പൂർത്തിയാക്കിയ ശേഷം, ചില സംഭവങ്ങളാൽ പഠനം തടസ്സപ്പെട്ടു, അതിൽ എന്റെ അധ്യാപികയുടെ പിതാവിന്റെ മരണവും എന്റെ സ്വന്തം മാതാവ് ധുൻമായിയുടെ മരണവും ഉൾപ്പെട്ടിരുന്നു. എന്റെ എല്ലാ ഉദ്യമങ്ങളുടെയും, ഈ ഗ്രന്ഥം ഉൾപ്പെടെ, പ്രചോദനത്തിന്റെ സ്രോതസ്സ് ആദരണീയ ശ്രീ ശിവനേ ശൻ സ്വാമിജിയാണ്.

എന്റെ പ്രസിദ്ധീകൃതമായ ഗ്രന്ഥങ്ങൾ കാണവേ, ഞാൻ സച്ചരിതത്തിന്റെ പരി ഭാഷ രചിക്കാൻ ഇടയായിട്ടുണ്ടോ എന്ന് ശ്രീ സായിബാബാ ഷിർദി സംസ്ഥാനം ആശ്ചര്യപ്പെട്ടു. സംസ്ഥാനത്തിന്റെ നിർദ്ദേശപ്രകാരം കൈയ്യെഴുത്ത് പ്രതി ശ്രീ സായിലീലാ മാഗസിന് സമർപ്പിക്കപ്പെട്ടു. അവർ അത് ഓരോ അധ്യായങ്ങളായി, അനേകം വർഷങ്ങൾ പ്രസിദ്ധീകരിച്ചു. അത് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നിയെങ്കിലും അത് പ്രാവർത്തികമാക്കപ്പെട്ടില്ല.

ശ്രീ മോത്തിലാൽ ഗുപ്തയുടെ (സ്ഥാപകാധ്യക്ഷൻ, ഷിർദിസായിബാബ ക്ഷേത്ര സമിതി, സായിധാം, തിഗവൺ റോഡ്, ഫരീദാബാദ്, ഹര്യാന) ശ്രമഫലമായി ഒരു വർഷം മുമ്പ് ശ്രീ വിജയ് ആർ. രാഘവൻ (സായിപ്രസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി) ഷിർദിയിലെത്തി. അദ്ദേഹം സാമ്പത്തികമോ മറ്റ് തരത്തിലുള്ള ഏതെങ്കിലും ലാഭമോ കണക്കിലെടുക്കാതെ ഈ കാര്യം സ്വയം ഏറ്റെടുത്തു. ഇവർ രണ്ടുപേരോടും എനിക്ക് ഹൃദയംഗമമായ നന്ദിയുണ്ട്.

ഇവർ രണ്ടുപേരും ഗ്രന്ഥത്തിന്റെ അച്ചടിയോടനുബന്ധിച്ചുള്ള ജോലിക്ക് പുറമേ, ചിത്രങ്ങളും ഫോട്ടോകളും കൊണ്ട് അതിനെ മോടിപിടിപ്പിക്കുന്നതിനും സമയമോ, ആയാസമോ കണക്കിലെടുക്കാതെ അർപ്പണ മനോഭാവത്തോടെ പരിശ്രമിച്ചിരുന്നു.

വിന്നി ചിത്‌ലുരിയുടെ 'ഷിർദിയിലെ അംബ്രോസിയ – ഭാഗം 1' 2002 ൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. വളരെ പരിശ്രമത്തിലൂടെ അവർ ശേഖരിച്ചിരുന്ന ഫോട്ടോകൾ, ഞങ്ങളുടെ അഭ്യർത്ഥന പ്രകാരം, സായിയോടുള്ള തികഞ്ഞ ഭക്തിയോടെ, സച്ചരിതത്തിന് വേണ്ടി നൽകി. ചില ചിത്രങ്ങൾ തയ്യാറാക്കി ലഭിക്കുന്നതിനും, ശ്രീ രാഘവനോടൊപ്പം ഗ്രന്ഥത്തിന്റെ പ്രവർത്തനത്തിലും അവർ ഭാഗഭാക്കായി. എന്റെ ഈ സുഹൃത്തിന്റെ വിലമതിക്കാനാകാത്ത സഹായങ്ങൾക്ക് നന്ദി പറയാൻ വാക്കുകൾ മതിയാകില്ല.

എന്റെ ആദരണീയ സുഹൃത്ത് പരേതനായ ലഫ്. കേണൽ എം.ബി. നിംബാൽക്കറുടെ, മറാത്തി ഭാഷയിൽ, ഗദ്യരൂപത്തിലുള്ള സച്ചരിതം എനിക്ക് വളരെ സഹായകമായിരുന്നു. അദ്ദേഹം ക്ലേശപൂർവ്വം തയ്യാറാക്കിയ, സംഭവങ്ങളുടെ കാലക്രമമനുസരിച്ചുള്ള സൂചിക പകർത്താനുള്ള അനുവാദം നൽകിയതിൽ ഞാൻ അദ്ദേഹത്തോട് വളരെ കടപ്പെട്ടിരിക്കുന്നു. സൂചിക ചെറിയ ചില ഭേദഗതികളോടെ ഗ്രന്ഥാന്ത്യത്തിൽ ചേർത്തിരിക്കുന്നു. ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ കൈകളിൽ കൊടുക്കാൻ എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ എത്രമാത്രം ആശിച്ചിരുന്നു!

ന്യൂഡൽഹിയിലെ ശ്രീ സുരേഷ് ചന്ദ്രഗുപ്ത അവസാന സമയ തിരുത്തലുകളിൽ എന്നെ സഹായിക്കുകയും വിലയേറിയ അനേകം നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹായം ലഭിക്കാനിടയായത് ഞങ്ങളുടെ ഭാഗ്യമാണ്. ഇത് സായിനാഥനോടുള്ള അദ്ദേഹത്തിന്റെ ഭക്തിയുടെ പ്രകടനമായിരുന്നു.

ശ്രീമതി ഉഷാ തെംബയുടെ ക്ഷമ, പരിശ്രമം, വ്യുത്പത്തി, അർപ്പണം എന്നിവ ഇല്ലാതിരുന്നെങ്കിൽ ഈ വിവർത്തനം സാധ്യമാകുമായിരുന്നില്ല. ഈ ഉദ്യമത്തിൽ ഏർപ്പെടുമ്പോൾ, ഞങ്ങൾ തികച്ചും അപരിചിതരായിരുന്നു. പക്ഷേ പിന്നീട് അത് സൗഹൃദത്തിലേക്ക് വളരുകയായിരുന്നു. ശ്രീമതി തെംബയുടെ സഹായത്താലാണ് പണ്ഡിതനായ സംസ്കൃതഭാഷാ ആചാര്യൻ ഡോ. മോരേശ്വർ പറാദ്കറുടെ സേവനം ലഭിച്ചത്, അദ്ദേഹം ഈ ഭക്തിരചനയിലെ അനേകം അധ്യായങ്ങളിലെ പ്രയാസകരമായ ഖണ്ഡഭാഗങ്ങൾ വിവർത്തനം ചെയ്യുന്നതിന് ഞങ്ങളെ സഹായിക്കുകയുണ്ടായി. ഞങ്ങൾ രണ്ടുപേരും, ശ്രീമതി തെംബയും ഞാനും ഡോ. പറാദ്കറോട് ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

ഇപ്പോൾ ലോകമെമ്പാടും ഷിർദി ശ്രീ സായിബാബാ ഭക്തിയുടെ അലകൾ ഉയരു

ന്നതിനാൽ, ശ്രീ സായിനാഥന്റെ ഭക്തർ ഈ ഉദ്യമത്തെ സഹർഷം സ്വാഗതം ചെയ്യുമെന്നും, ഈ ഗ്രന്ഥം അവരുടെ ദൈനംദിന പ്രാർത്ഥനയ്ക്കായി ഉപയോഗപ്പെടുത്തുമെന്നും, അവരുടെ കുടുംബാംഗങ്ങളെയും അതിന് പ്രേരിപ്പിക്കുമെന്നും ഞാൻ തീർത്തും വിശ്വസിക്കുന്നു.

കുറവുകൾ എന്റേതാണ്; അതിൽ ഉപേക്ഷ കാട്ടാൻ വായനക്കാരുടെ മഹാമനസ്കതയ്ക്ക് കഴിയുമെന്ന് ഞാൻ കരുതുന്നു.

'നത - ഷാഹി'
69, വോർലി സീ ഫേസ്,
മുംബൈ - 400025

**സെറിൻ**
30 ഒക്ടോബർ 2003

# ഹേമദ്പാന്ത്

## (ഗോവിന്ദ് ആർ. ദാബോൽക്കർ - അന്നാസാഹേബ്)

(മറാത്തിയിലുള്ള, ശ്രീസായിസച്ചരിത മൂലഗ്രന്ഥ രചയിതാവ്)

സായിസച്ചരിതം രചിച്ചത് അന്നാസാഹേബ് ദാബോൽക്കർ ആണെന്ന് നമുക്കറിയാം, പക്ഷേ ഗ്രന്ഥത്തിലെ ഓരോ അധ്യായത്തിന്റെയും ഒടുവിൽ അത് സായിബാബയുടെ പ്രേരണയാൽ ഹേമദ്പാന്ത് രചിച്ചതാണെന്ന് കാണുന്നുണ്ട്. ഇപ്പോൾ ഹേമദ്പാന്ത് ആരാണെന്ന് ശ്രോതാക്കൾ ആരായും. അവരുടെ അറിവിലേയ്ക്കായി, ഹേമദ്പാന്ത് എന്നത് ഒരു നാമം അഥവാ പ്രാധാന്യമുള്ള ഒരു ശീർഷകമാണ്, അത് സായിബാബ സ്വയം, ആദ്യകൂടിക്കാഴ്ചയിൽ തന്നെ ശ്രീദാബോൽക്കർക്ക് സമ്മാനിച്ചതാണ്. എങ്ങനെ, എപ്പോൾ അത് നൽകപ്പെട്ടുവെന്നും അത് എത്രമാത്രം പ്രധാനവും, പ്രവചനപരവുമാണെന്ന് തെളിഞ്ഞതുമൊക്കെ ഗ്രന്ഥകർത്താവ് സ്വയം സച്ചരിതത്തിന്റെ രണ്ടാമത്തെ അധ്യായത്തിൽ നമ്മോട് പറഞ്ഞിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ചുള്ള ചെറിയ ഒരു രൂപരേഖ ഞങ്ങൾ താഴെ കൊടുക്കുന്നു.

ഗ്രന്ഥകർത്താവായ ശ്രീ ദാബോൽക്കർ, 1859 ൽ താന ജില്ലയിലെ ചെറിയ ഒരു പട്ടണമായ കെലവേ-മാഹിം എന്ന സ്ഥലത്ത് ഒരു ദരിദ്ര ആഢ്യ ഗൗഢബ്രാഹ്മണ കുടുംബത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവും പിതാമഹനും ധാർമ്മികരും, ഭക്തരുമായിരുന്നു. കുടുംബത്തിന്റെ ദരിദ്ര സാഹചര്യങ്ങൾ കാരണം, അദ്ദേഹത്തിന്റെ പ്രാഥമികവിദ്യാഭ്യാസം ജന്മസ്ഥലത്തും, പിന്നീട് അഞ്ചാംതരംവരെ ഇംഗ്ലീഷ് വിദ്യാഭ്യാസം പൂനെയിലും നടത്തപ്പെട്ടു. വിപരീത പരിതസ്ഥിതികൾ കാരണം അദ്ദേഹത്തിന് അധ്യയനം തുടരാൻ കഴിഞ്ഞില്ല. അക്കാലത്തെ സർക്കാർ പരീക്ഷ ജയിക്കാൻ മാത്രമേ അദ്ദേഹത്തിന് കഴിഞ്ഞുള്ളൂ. പിന്നീട് ജന്മസ്ഥലത്തുള്ള ഒരു വിദ്യാലയത്തിൽ അധ്യാപനജോലി സ്വീകരിക്കേണ്ടിവന്നു. ആ സമയത്ത്, അദ്ദേഹത്തിന്റെ സദ്സ്വഭാവവും, ധിഷണാശക്തിയും, പരിശ്രമവുമൊക്കെ കൊളാബ ജില്ലയിലെ മംലത്ത്ദാർ ആയിരുന്ന ശ്രീ സബജി ചിന്താമൺ ചിറ്റ്നിസിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹം അയാളെ ആദ്യം ഒരു തലതിയായും (ഗ്രാമോദ്യോഗസ്ഥൻ), പിന്നീട് ഒരു ഇംഗ്ലീഷ് ഗുമസ്തനായും, അതിനുശേഷം മംലത്ത്ദാർ ന്യായാലയത്തിലെ ആവൽ (പ്രമുഖ ഗുമസ്തൻ) ആയും നിയമിച്ചു. അതിനുശേഷം വനംവകുപ്പ് ഉദ്യോഗസ്ഥനായും, പിന്നീട് ബ്രോചിൽ (ഗുജറാത്ത്) ക്ഷാമദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രത്യേക ഉദ്യോഗസ്ഥനായും നിയമിക്കപ്പെട്ടു. 1901 ൽ ഷാഹാപൂരിലെ (താന ജില്ല) മംലത്ത്ദാർ ആയും, 1903 ൽ ബാന്ദ്രയിലെ ഒന്നാം നില, സ്ഥിര ന്യായാധിപനായും നിയമിക്കപ്പെട്ടു. അവിടെ അദ്ദേഹം 1907 വരെ സേവനമനുഷ്ഠിച്ചു. പിന്നീട് അദ്ദേഹം മുർബാദ്, ആനന്ദ്, ബൊർസാദ് (ഖേഡ ജില്ല) എന്നിവിടങ്ങളിലേയ്ക്ക് സ്ഥലംമാറ്റപ്പെടുകയും 1910 ൽ വീണ്ടും ബാന്ദ്രയിൽ സ്ഥിരന്യായാധിപനായി നിയമിതനാകുകയും ചെയ്തു. ഈ വർഷത്തിലാണ് അദ്ദേഹത്തിന് ഷിർദിയിലേക്ക് പോകാനും, ബാബയുടെ ദർശനം നേടാനുമുള്ള ഭാഗ്യം സിദ്ധിച്ചത്. 1916 ൽ അദ്ദേഹം ഉദ്യോഗത്തിൽ നിന്നും വിരമിച്ചു. പിന്നീട് അദ്ദേഹത്തിന് ഒരു താൽക്കാലിക സർക്കാർജോലി ലഭിച്ചെങ്കിലും അത് വളരെ ചുരുങ്ങിയ

കാലത്തേക്ക് മാത്രമായിരുന്നു. അദ്ദേഹം, വിരമിക്കലിനുശേഷം, ഹൃദയപൂർവ്വം ബാബയെ അദ്ദേഹത്തിന്റെ സമാധി വരെ സേവിക്കുകയും അതിനുശേഷം സായി ബാബയുടെ ഷിർദി സംസ്ഥാനം പ്രഗല്ഭമായും കാര്യശേഷിയോടും കൂടി, 1929 ൽ തന്റെ അന്ത്യം സംഭവിക്കുന്നതുവരെ നോക്കിനടത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ, ഒരു മകൻ, അഞ്ച് പുത്രിമാർ എന്നിവരായിരുന്നു അദ്ദേഹത്തെ അതിജീവിച്ചവർ, പുത്രിമാർ മിക്കവരും അനുയോജ്യരായ വരന്മാരോട് വിവാഹം കഴിപ്പിക്കപ്പെട്ടിരുന്നു.

(അവലംബം: മറാത്തി മൂലഗ്രന്ഥത്തെ ആസ്പദമാക്കി എൻ.വി. ഗുണാജി രചിച്ച ഇംഗ്ലീഷ് ഗ്രന്ഥത്തിന്റെ ആദ്യപതിപ്പ്)

**ഉള്ളടക്കം**


| വിവരം | പുറം |
|---|---|
| **ആമുഖം** | v-ix |
| **ഹേമദ്പാന്ത്** | x-xi |
| - ശ്രീ സായി സച്ചരിതം മറാത്തി മൂലഗ്രന്ഥരചയിതാവ് | |
| **മുഖവുര** | 1–20 |
| - ആദ്യ മറാത്തി പതിപ്പിന് ഹരിസീതാറാം അഥവാ കാക്കാസാഹേബ് ദീക്ഷിത് നൽകിയ മുഖവുര | |
| **അധ്യായം 1** | 21–35 |
| - ഈശ്വരസ്തുതി | |
| **അധ്യായം 2** | 36–54 |
| - ഗ്രന്ഥരചനയുടെ ഉദ്ദേശ്യവും നാമകരണ ചടങ്ങിന്റെ വിവരണവും | |
| **അധ്യായം 3** | 55–72 |
| - ഈ ഗ്രന്ഥം രചിക്കാനുള്ള അനുമതി നൽകുന്നു. | |
| **അധ്യായം 4** | 73–90 |
| - സായി സമർത്ഥന്റെ പ്രത്യക്ഷപ്പെടൽ | |
| **അധ്യായം 5** | 91–106 |
| - ശ്രീ സായി വീണ്ടും പ്രത്യക്ഷപ്പെടുന്നത് | |
| **അധ്യായം 6** | 107–121 |
| - രാമ-ജന്മ ആഘോഷങ്ങളുടെ കഥാവിവരണം | |
| **അധ്യായം 7** | 122–135 |
| - വിവിധ കഥകളുടെ വിവരണം | |
| **അധ്യായം 8** | 136–150 |
| - സായി സമർത്ഥന്റെ അവതാരം | |
| **അധ്യായം 9** | 151–165 |
| - ദാബോൽക്കർ പേരിടാത്തത് | |
| **അധ്യായം 10** | 166–181 |
| - ശ്രീ സായിസമർത്ഥന്റെ മഹിമ | |
| **അധ്യായം 11** | 182–195 |
| - ശ്രീ സായിയുടെ മഹിമയെക്കുറിച്ചുള്ള വർണ്ണന | |

**അധ്യായം 12** 196–212

– രാമൻ – ശ്രീ ദിവ്യഖോലാപ് ദർശനങ്ങൾ

**അധ്യായം 13** 213–229

– ഭീമാജിയുടെ ക്ഷയരോഗം ഭേദമാകുന്നത്

**അധ്യായം 14** 230–249

– രത്തൻജി സായിയെ കണ്ടുമുട്ടുന്നു.

**അധ്യായം 15** 250–260

– ചോൾക്കാറുടെ പഞ്ചസാരയുടെ കഥ

**അധ്യായം 16** 261–276

– ബ്രഹ്മജ്ഞാനത്തെക്കുറിച്ചുള്ള വിവരണം

**അധ്യായം 17** 277–292

– ബ്രഹ്മജ്ഞാനത്തെക്കുറിച്ചുള്ള വിവരണം

**അധ്യായം 18** 293–307

– എനിക്ക് അനുഗ്രഹം ലഭിക്കുന്നു.

**അധ്യായം 19** 308–332

– എനിക്ക് അനുഗ്രഹം ലഭിക്കുന്നു

**അധ്യായം 20** 333–345

– ഈശാവാസ്യത്തിന്റെ സാരാംശത്തെക്കുറിച്ചുള്ള ബോധനം

**അധ്യായം 21** 346–357

– അനുഗ്രഹം നൽകൽ

**അധ്യായം 22** 358–378

– അപമൃത്യു ഒഴിവാക്കുന്നത്

**അധ്യായം 23** 379–396

– ഗുരുശിഷ്യ ലീലയുടെ കാഴ്ച

**അധ്യായം 24** 397–409

– മനോഹരമായ നർമ്മം

**അധ്യായം 25** 410–420

– അത്യധികം ആഗ്രഹിക്കുന്നതിനെ സഫലമാക്കിക്കൊണ്ട് ഭക്തരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നു.

**അധ്യായം 26** 421–434

– അപസ്മാരവും ആത്മഹത്യയും തടയുന്നതും സ്വന്തം ഗുരുവിന്റെ പാദങ്ങളിൽ വിശ്വാസം ദൃഢമാക്കുന്നതും

**അധ്യായം 27** 435-452

- ശിക്ഷണവും അനുഗ്രഹവും നൽകുന്നത്

**അധ്യായം 28** 453 - 471

- സ്വപ്നദർശനങ്ങളുടെ വിവരണം

**അധ്യായം 29** 472 - 489

- സ്വപ്നങ്ങളെക്കുറിച്ചുള്ള കഥകളുടെ വിവരണം

**അധ്യായം 30** 490 - 500

- വ്രതങ്ങളും മറ്റുള്ള കഥകളെക്കുറിച്ചുമുള്ള വിവരണം

**അധ്യായം 31** 501 - 515

- ദർശനത്തിന്റെ മാഹാത്മ്യം

**അധ്യായം 32** 516 - 532

- ഗുരുവിന്റെ മഹത്വത്തെക്കുറിച്ചുള്ള വിവരണം

**അധ്യായം 33** 533 - 555

- ഉധിയുടെ ശക്തി

**അധ്യായം 34** 556 - 571

- ഉധിയുടെ മഹത്വം

**അധ്യായം 35** 572 - 592

- സംശയങ്ങളും തെറ്റിദ്ധാരണകളും ഇല്ലാതാക്കുന്നതും ഉധിയുടെ മാഹാത്മ്യവർണ്ണനയും

**അധ്യായം 36** 593 - 607

- സായിയുടെ സർവ്വവ്യാപിത്വവും അദ്ദേഹത്തിന്റെ അനുഗ്രഹങ്ങളുടെ സഫലീകരണവും

**അധ്യായം 37** 608 - 628

- ചാവടിയുടെ വർണ്ണന

**അധ്യായം 38** 629 - 644

- പാചകത്തെയും പാത്രത്തെയും കുറിച്ചുള്ള വിവരണം

**അധ്യായം 39** 645 - 661

- ഗീതയിലെ ശ്ലോകത്തിന്റെ സാരാംശത്തെക്കുറിച്ചുള്ള പ്രഭാഷണവും സമാധിമന്ദിരത്തിന്റെ നിർമ്മാണവും

**അധ്യായം 40** 662 - 677

- ഉദ്യാപനകഥയുടെ വിവരണം

**അധ്യായം 41** 678 - 692

- സായിയുടെ അനുഗ്രഹവും ദയയും നൽകൽ

**അധ്യായം 42** 693 - 706
- സായിനാഥ് ഭൗതിക ദേഹം വെടിയുന്നു

**അധ്യായം 43** 707 - 721
- സായിനാഥ് ഭൗതിക ദേഹം വെടിയുന്നു

**അധ്യായം 44** 722 - 737
- സായിനാഥ് ഭൗതിക ദേഹം വെടിയുന്നു

**അധ്യായം 45** 738 - 750
- ശ്രീ ഗുരുവിന്റെ പാദങ്ങളുടെ മഹിമ

**അധ്യായം 46** 751 - 762
- കാശിയിലും ഗയയിലും യാത്ര പോകുന്നത്; ആടുകളുടെ ജനനത്തെക്കുറിച്ചുള്ള വിവരണം

**അധ്യായം 47** 763 - 779
- ശ്രീ സായി പറഞ്ഞ കഥയുടെ വിവരണം

**അധ്യായം 48** 780 - 795
- സംശയാലുവായ ഭക്തന് അനുഗ്രഹം നൽകുന്നു

**അധ്യായം 49** 796 - 812
- ദിവ്യനെ പരീക്ഷിക്കുന്നതും മനോനിയന്ത്രണവും

**അധ്യായം 50** 813 - 833
- അജ്ഞാന ദൂരീകരണം

**അധ്യായം 51** 834 - 856
- മൂന്ന് ഭക്തരെക്കുറിച്ചുള്ള കഥാത്രയം

**അധ്യായം 52** 857 - 866
- ഗ്രന്ഥത്തെ ചുരുക്കി വിവരിക്കുന്ന മൊത്തത്തിലുള്ള ഒരു അവലോകനം

**അധ്യായം 53** 867 - 885

അവതരണിക (സംക്ഷിപ്തം)

**സംഭവങ്ങളുടെ കാലക്രമമനുസരിച്ചുള്ള പട്ടിക** 886 - 903
- (ലഫ്. കേണൽ. എം.ബി. നിംബാൽക്കർ മറാത്തിയിൽ തയ്യാറാക്കിയത് ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തിയത് - സെറിൻ)

**പദശേഖരം** 904 - 910